# PROVISIONAL ANSWER KEY

| | |
|---|---|
| Question Paper Code: | 161/2026/OL |
| Category Code: | 740/2025 |
| Exam: | Cook Cum Caretaker(Direct Recruitment) |
| Date of Test | 08-10-2026 |
| Department | Oil Palm India Limited |
| Language: | Malayalam |

Question1:-താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക

(i) മൗലികാവകാശങ്ങളെ സംരക്ഷിക്കുന്നതും നടപ്പിലാക്കുന്നതും സാധാരണ നിയമങ്ങൾ ആണ്.

(ii) മൗലികാവകാശങ്ങളെ സംരക്ഷിക്കുന്നതും ഉറപ്പുവരുത്തുന്നതും രാജ്യത്തെ ഭരണഘടനയാണ്.

(iii) ഗവൺമെൻറിൻറെ ഒരു ഘടകവും മൗലികാവകാശങ്ങളെ ലംഘിക്കുന്നരിതിയിൽ പ്രവർത്തിക്കാൻ പാടില്ല

(iv) മൗലികാവകാശങ്ങൾ  ഭേദഗതി ചെയ്യാൻ സാധിക്കില്ല

A:-(i), (iii) മാത്രം

B:-(iii) മാത്രം

C:-(i), (iv) മാത്രം

D:-എല്ലാം

Correct Answer:- Option-C

Question2:-ദേശിയ മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ (പസ്താവനകൾ തിരഞ്ഞെടുക്കുക

(i) 1993 ൽ ഗവൺമെൻറ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്ഥാപിച്ചു.

(ii) അധ്യക്ഷനും അഞ്ച് മുഴവൻ സമയ അംഗങ്ങളും ഉൾക്കൊള്ളുന്നതാണ് ദേശീയ മനുഷ്യാവകാശ കമ്മിഷൻറെ ഘടന

(iii) സ്വന്തമായി മുൻകൈയ്യെടുത്തോ, അല്ലെങ്കിൽ മനുഷ്യാവകാശ ലംഘനത്തിന് ഇരയായ വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിലോ അന്വേഷണം നടത്താൻ മനുഷ്യാവകാശ കമ്മീഷനു കഴിയും

(iv) മനുഷ്യാവകാശ ലംഘനം നടന്നാൽ കമ്മീഷനു ശിക്ഷിക്കാനുള്ള അധികാരമുണ്ട്

A:-(ii), (iii) മാത്രം

B:-(iii), (iv) മാത്രം

C:-(i), (ii), (iii) മാത്രം

D:-(i), (iv) മാത്രം

Correct Answer:- Option-C

Question3:-ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക

(i) വിദ്യാഭ്യാസത്തിനുള്ള അവകാശം ഒരു മൗലികാവകാശമാണ്

(ii) 2002-ലെ 86-ാം ഭരണഘടനാ ഭേദഗതിയിലൂടെ ആർട്ടിക്കിൾ 21-എ പ്രകാരമാണ് വിദ്യാഭ്യാസം മൗലികാവകാശമായി പ്രഖ്യാപിക്കപ്പെട്ടത്

(iii) 2005-ൽ വിദ്യാഭ്യാസ അവകാശനിയമം പാർലമെൻറ് അംഗീകരിച്ചു

(iv) ഈ നിയമ പ്രകാരം 6 നും 16 നും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കി

A:-(i), (iv) മാത്രം

B:-(ii), (iii) മാത്രം

C:-(i), (iii) മാത്രം

D:-(i), (ii) മാത്രം

Correct Answer:- Option-D

Question4:-ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക

(i) ഏഷ്യയുടെ ദക്ഷിണ മധ്യ ഭാഗത്തായാണ് ഇന്ത്യയുടെ സ്ഥാനം

(ii) ഇന്ത്യൻ മഹാസമുദ്രത്തിൽ നിലകൊള്ളുന്ന ഇന്ത്യയുടെ അയൽ രാജ്യങ്ങളായ ദ്വീപുകളാണ് ശ്രീലങ്ക, മാലിദ്വീപ് എന്നിവ

(iii) പാക്കിസ്ഥാൻ, നേപ്പാൾ, ഭൂട്ടാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങൾ ഇന്ത്യൻ ഉപദ്വീപിൽ ഉൾപ്പെടുന്നു

(iv) ലോകത്തിൻറെ ആകെ വിസ്തൃതിയിൽ 5% ഇന്ത്യയാണ്

A:-(i), (ii) മാത്രം

B:-(i), (iii) മാത്രം

C:-(iii), (iv) മാത്രം

D:-(ii), (iv) മാത്രം

Correct Answer:- Option-A

Question5:-ഇന്ത്യൻ പശ്ചിമതീരവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക

A:-കണ്ട് ല, മാംഗളൂരു, കൊച്ചി എന്നിവ പശ്ചിമതീരത്തെ തുറമുഖങ്ങളാണ്

B:-പശ്ചിമതീരം വടക്ക് ഗുജറാത്ത് തീരം മുതൽ തെക്ക് കേരളാതീരം വരെ വ്യാപിച്ചു കിടക്കുന്നു

C:-താഴ്ന്നുപോയ സമതലങ്ങൾക്ക് ഉദാഹരണങ്ങളാണ് പശ്ചിമതീര സമതലങ്ങൾ

D:-മഹാനദി, ഗോദാവരി നദികൾ പശ്ചിമതീരത്ത് ഡെൽറ്റകൾ സൃഷ്ടിക്കുന്നു

Correct Answer:- Option-D

Question6:-ഏത് ഭരണഘടനാ ഭേദഗതിയുടെ ഭാഗമായാണ് മൗലിക കർത്തവ്യങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്?

A:-42-ാം ഭേദഗതി

B:-44-ാം ഭേദഗതി

C:-86-ാം ഭേദഗതി

D:-61-ാം ഭേദഗതി

Correct Answer:- Option-A

Question7:-ഇന്ത്യൻ ദേശീയ പതാകയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക
(i) ഇന്ത്യൻ ദേശീയ പതാക തിരശ്ചീന ത്രിവർണ്ണപതാകയാണ്
(ii) പതാകയുടെ വീതിയും നീളവും തമ്മിലുള്ള അനുപാതം 2 : 4 ആണ്
(iii) പതാകയുടെ മധ്യഭാഗത്ത്24 തുല്യ അകലത്തിലുള്ള അരക്കുകളുള്ള അശോകചക്രം സ്ഥിതിചെയ്യുന്നു
(iv) ഇന്ത്യയുടെ ദേശീയ പതാകയുടെ രൂപകൽപ്പന 1949 ജൂലൈ 22 ന് ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണസഭ അംഗീകരിച്ചു

A:-(i), (ii) മാത്രം

B:-(ii), (iii) മാത്രം

C:-(i), (iii) മാത്രം

D:-(iii), (iv) മാത്രം

Correct Answer:- Option-C

Question8:-വിവരാവകാശ നിയമം 2005 ൽ വിവരങ്ങൾ വെളിപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ട കാര്യങ്ങൾ ഏത് വകുപ്പിൽ ആണ് പ്രതിപാദിച്ചിരിക്കുന്നത്?

A:-6-ാം വകുപ്പ്

B:-7-ാം വകുപ്പ്

C:-8-ാം വകുപ്പ്

D:-9-ാം വകുപ്പ്

Correct Answer:- Option-C

Question9:-മനുഷ്യാവകാശ കമ്മീഷൻറെ ഘടനയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക
(i) അധ്യക്ഷനും 5 മുഴുവൻ സമയ അംഗങ്ങളും ഉൾക്കൊള്ളുന്നതാണ് ദേശീയ മനുഷ്യാവകാശ കമ്മീഷണൻ
(ii) ദേശീയ മനുഷ്യാവകാശ കമ്മീഷനിലെ അധ്യക്ഷനെയും അംഗങ്ങളെയും നിയമിക്കുന്നത് പ്രധാനമന്ത്രിയാണ്
(iii) ദേശീയ മനുഷ്യാവകാശ കമ്മീഷനിലെ ഒരു അംഗം ഹൈക്കോടതി ജഡ്ജി ആയിരിക്കും
(iv) മനുഷ്യാവകാശ മേഖലയിലെ അറിവും പ്രായോഗിക പരിചയവുമുള്ള വ്യക്തികളെ കമ്മീഷനിൽ അംഗങ്ങളായി ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ട്

A:-(i), (iv) മാത്രം

B:-(i), (ii) മാത്രം

C:-(iii), (iv) മാത്രം

D:-(ii), (iii) മാത്രം

Correct Answer:- Option-A

Question10:-1896 ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിൽ വന്ദേമാതരം ആദ്യമായി ആലപിച്ചത് ആരാണ്?

A:-ബങ്കിം ചന്ദ്ര ചാറ്റർജി

B:-രവീന്ദ്രനാഥ ടാഗോർ

C:-റഹിമത്തുള്ള എം. സയാനി

D:-എ.ഒ. ഹ്യൂം

Correct Answer:- Option-B

Question11:-കേരള നവോത്ഥാനത്തിൻറെ പിതാവ് എന്നറിയപ്പെടുന്നത്

A:-കുമാരനാശാൻ

B:-അയ്യങ്കാളി

C:-ശ്രീനാരായണഗുരു

D:-മന്നത്ത് പത്മനാഭൻ

Correct Answer:- Option-C

Question12:-'ഇന്ത്യയുടെ വന്ദ്യവയോധികൻ' എന്നറിയപ്പെടുന്നതാര്?

A:-ഗോപാലകൃഷ്ണ ഗോഖലെ

B:-ദാദാബായ് നവറോജി

C:-സുരേന്ദ്രനാഥ ബാനർജി

D:-ലാലാ ലജ്പത്റായി

Correct Answer:- Option-B

Question13:-മഹാത്മാഗാന്ധി നിസ്സഹകരണ പ്രസ്ഥാനം പിൻവലിക്കാൻ കാരണമായ സംഭവം ഏത്?

A:-സൈമൺ കമ്മീഷൻ

B:-ജാലിയൻവാലാബാഗ് കൂട്ടക്കൊല സംഭവം

C:-ചൗരി ചൗര സംഭവം

D:-ദണ്ഡിമാർച്ച്

Correct Answer:- Option-C

Question14:-കേരളത്തിലെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഉപ്പ് സത്യാഗ്രഹത്തിൻറെ പ്രധാന കേന്ദ്രം ഏത്?

A:-വൈക്കം

B:-പയ്യന്നൂർ

C:-കൊല്ലം

D:-ആലപ്പുഴ

Correct Answer:- Option-B

Question15:-ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻറെ ആദ്യ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയാര്?

A:-ഡബ്ല്യു.സി. ബാനർജി

B:-എ.ഒ. ഹ്യൂം

C:-സുരേന്ദ്രനാഥ ബാനർജി

D:-ദാദാബായ് നവറോജി

Correct Answer:- Option-A

Question16:-നിവർത്തന പ്രക്ഷോപം പ്രധാനമായും എന്തിനെതിരെയായിരുന്നു?

A:-ബ്രിട്ടീഷ് നികുതിനയം

B:-ജനസംഖ്യാനുപാതിക പ്രാതിനിധ്യത്തിൻറെ ആവശ്യകത

C:-ഉപ്പ് നിയമം

D:-വിദ്യാഭ്യാസ പരിഷ്ക്കാരം

Correct Answer:- Option-B

Question17:-ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പൂർണ്ണസ്വരാജ് പ്രമേയം പാസ്സാക്കിയ വർഷം

A:-1920

B:-1927

C:-1931

D:-1929

Correct Answer:- Option-D

Question18:-''Do or Die'' എന്ന മുദ്രാവാക്യം ഏത് പ്രസ്ഥാനവുമായി ബന്ധപ്പെട്ടതാണ്?

A:-സ്വദേശി പ്രസ്ഥാനം

B:-നിസ്സഹകരണ പ്രസ്ഥാനം

C:-ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം

D:-ഖിലാഫത്ത് പ്രസ്ഥാനം

Correct Answer:- Option-C

Question19:-താഴെപ്പറയുന്നവയിൽ ശരിയായ കാലക്രമം ഏത്?
(i) മലയാളി മെമ്മോറിയൽ
(ii) ഈഴവ മെമ്മോറിയൽ
(iii) വൈക്കം സത്യാഗ്രഹം
(iv) ക്ഷേത്രപ്രവേശന വിളംബരം

A:-(i)-(ii)-(iii)-(iv)

B:-(ii)-(i)-(iii)-(iv)

C:-(i)-(iii)-(ii)-(iv)

D:-(ii)-(iii)-(i)-(iv)

Correct Answer:- Option-A

Question20:-ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച തിരുവിതാംകൂർ മഹാരാജാവ് ആര്?

A:-സ്വാതിതിരുനാൾ

B:-ആയില്യം തിരുനാൾ

C:-ശ്രീ ചിത്തിര തിരുനാൾ

D:-മാർത്താണ്ഡവർമ്മ

Correct Answer:- Option-C

Question21:-''തക്കിജ്ജ'' എന്ന ആത്മകഥ എഴുതിയതാര്?

A:-അംബികാസുതൻ

B:-ബെന്യാമിൻ

C:-പി.ഇ. സന്തോഷ്കുമാർ

D:-ജയചന്ദ്രൻ മൊകേരി

Correct Answer:- Option-D

Question22:-തോടയം ഏത് കലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

A:-കൂടിയാട്ടം

B:-കഥകളി

C:-ചാക്യാർകൂത്ത്

D:-ഓട്ടൻതുള്ളൽ

Correct Answer:- Option-B

Question23:-ആറ്റിങ്ങൽ കലാപം നടന്ന വർഷം

A:-1271

B:-1721

C:-1621

D:-1921

Correct Answer:- Option-B

Question24:-ചൈൽഡ് ലൈൻ ടോൾഫ്രീ നമ്പർ

A:-1908

B:-1098

C:-1008

D:-1100

Correct Answer:- Option-B

Question25:-ശാസ്താംകോട്ട തടാകം റാംസർ സൈറ്റിൽ ഉൾപ്പെട്ട വർഷം

A:-2000

B:-2001

C:-2002

D:-2005

Correct Answer:- Option-C

Question26:-കൊച്ചി-തിരുവിതാംകൂർ നാട്ടുരാജ്യങ്ങളുടെ അതിർത്തിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കല്ലുകൾ

A:-കുടക്കല്ല്

B:-തൊപ്പിക്കല്ല്

C:-നന്നങ്ങാടി

D:-കൊതിക്കല്ല്

Correct Answer:- Option-D

Question27:-കേരള തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

A:-എം. ഷംസുദ്ദീൻ

B:-പി.കെ. ബഷീർ

C:-എം. ലിജു

D:-കെ.എം. ഷാജി

Correct Answer:- Option-D

Question28:-സൈലൻറ് വാലി നാഷണൽ പാർക്ക് സ്ഥിതിചെയ്യുന്ന ജില്ല

A:-കോട്ടയം

B:-പാലക്കാട്

C:-ഇടുക്കി

D:-വയനാട്

Correct Answer:- Option-B

Question29:-കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി ഏത് നദിയിൽ സ്ഥിതിചെയ്യുന്നു?

A:-ഭാരതപ്പുഴ

B:-പമ്പ

C:-പെരിയാർ

D:-ചാലിയാർ

Correct Answer:- Option-C

Question30:-കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത്

A:-1998 ഡിസംബർ 11

B:-1998 ആഗസ്റ്റ് 11

C:-1994 നവംബർ 11

D:-1995 നവംബർ 11

Correct Answer:- Option-A

Question31:-മനുഷ്യശരീരത്തിലെ ശിരോനാഡികളുടെ എണ്ണം

A:-4 ജോഡി

B:-46 ജോഡി

C:-23 ജോഡി

D:-12 ജോഡി

Correct Answer:- Option-D

Question32:-വിറ്റാമിൻറെ കുറവ് മൂലം ഉണ്ടാകുന്ന രോഗം

A:-ആർത്രൈറ്റിസ്

B:-എയ്ഡ്സ്

C:-നിശാന്ധത

D:-ഡിഫ്ത്തീരിയ

Correct Answer:- Option-C

Question33:-ആമാശയത്തിൽ ഉൽപാദിപ്പിക്കുന്ന ആസിഡ്

A:-$HNO_3$

B:-HCl

C:-$H_2SO_4$

D:-$CaCO_3$

Correct Answer:- Option-B

Question34:-പേശീക്ലമം ഉണ്ടാകുമ്പോൾ അടിഞ്ഞുകൂടുന്ന അമ്ലം

A:-നൈട്രിക് അമ്ലം

B:-അസറ്റിക് അമ്ലം

C:-ലാക്ടിക് അമ്ലം

D:-ടാർടാറിക് അമ്ലം

Correct Answer:- Option-C

Question35:-ജീവകം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്

A:-എഡ്വേർഡ് ജന്നർ

B:-കാസിമിർ ഫങ്ക്

C:-റോബർട്ട് കോച്ച്

D:-ലൂയിസ് പാസ്ച്ചർ

Correct Answer:- Option-B

Question36:-മലേറിയ പരത്തുന്ന രോഗകാരി

A:-ബാക്ടീരിയ

B:-വൈറസ്

C:-പ്രോട്ടോസോവ

D:-ഫംഗസ്

Correct Answer:- Option-C

Question37:-ജനൈറ്റൽ ഹെർപിസിനു കാരണമാകുന്ന വൈറസ്

A:-ഹ്യൂമൻ പാപ്പിലോമ വൈറസ് (HPV)

B:-ഹെർപ്സ് സിംപ്ലക്സ് വൈറസ് (HSV)

C:-എച്ച്.ഐ.വി. (HIV)

D:-റാബിസ് വൈറസ്

Correct Answer:- Option-B

Question38:-ശരീരത്തിൽ ടി. ലിംഫോസൈറ്റുകൾ പക്വത പ്രാപിക്കുന്ന സ്ഥലം

A:-അസ്ഥിമജ്ജ

B:-പ്ലീഹ

C:-തൈമസ് ഗ്രന്ഥി

D:-കരൾ

Correct Answer:- Option-C

Question39:-ഒരു പ്രധാന ഖാരിഫ് വിള

A:-ഗോതമ്പ്

B:-ബാർലി

C:-നെല്ല്

D:-കടുക്

Correct Answer:- Option-C

Question40:-കൃഷിസ്ഥലത്തെ കളകളെ നശിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു പ്രധാന രാസവസ്തു ഏതാണ്?

A:-യൂറിയ

B:-2, 4-D

C:-സൂപ്പർ ഫോസ്ഫേറ്റ്

D:-പൊട്ടാഷ്

Correct Answer:- Option-B

Question41:-താഴെ തന്നിരിക്കുന്നതിൽ ഏതു പ്രക്രിയയാണ് പാക്ക് ചെയ്ത ഭക്ഷണപദാർത്ഥങ്ങളിലെ രോഗകാരികളായ സൂക്ഷ്മാണുക്കളെ നശിപ്പിക്കാനും അവയുടെ കേട്ടുകൂടാതെയുള്ള കാലാവധി വർദ്ധിപ്പിക്കാനും വേണ്ടി മിതമായ ചൂടിൽ - സാധാരണയായി 100°C-ൽ (212°F) താഴെയുള്ള താപനിലയിൽ സംസ്കരിക്കുന്നത്?

A:-ഹൈഡ്രോജിനേഷൻ

B:-പാസ്ചറൈസേഷൻ

C:-ഡ്രയിങ്

D:-ഫ്രീസിങ്

Correct Answer:- Option-B

Question42:-പാചകം ചെയ്യുന്നതിലൂടെ ഭക്ഷണത്തിലെ സങ്കീർണ്ണമായ ഘടകങ്ങൾക്ക് (Complex Food) എന്ത് സംഭവിക്കുന്നു?

A:-അവ കൂടുതൽ കട്ടിയുള്ളതാകുന്നു

B:-അവയുടെ അളവ് ഇരട്ടിയാകുന്നു

C:-ശരീരത്തിന് എളുപ്പം ആഗിരണം ചെയ്യാൻ കഴിയുന്ന ലളിതമായ ഘടകങ്ങളായി മാറുന്നു

D:-വിളമ്പുവാൻ എളുപ്പമുള്ളതാകുന്നു

Correct Answer:- Option-C

Question43:-ആശുപത്രികൾ, സ്കൂളുകൾ, ജയിലുകൾ, കെയർ ഹോമുകൾ തുടങ്ങിയ സ്ഥാപനങ്ങൾ കാറ്ററിംഗ് വ്യവസായത്തിൻറെ ഏത് പ്രത്യേക വിഭാഗത്തിലാണ് ഉൾപ്പെടുന്നത്?

A:-ട്രാൻസ്പോർട്ട് കാറ്ററിംഗ്

B:-വെൽഫെയർ കാറ്ററിംഗ്

C:-ഔട്ട്ഡോർ കാറ്ററിംഗ്

D:-ഇൻഡസ്ട്രിയൽ കാറ്ററിംഗ്

Correct Answer:- Option-B

Question44:-സിൽവർവെയറും ചൈനവെയറും കൈകാര്യം ചെയ്യുന്നതിനായി, കിച്ചൺ സ്റ്റീവാർഡിംഗ് സൂപ്പർവൈസറുടെ നിയന്ത്രണത്തിലുള്ള പ്രത്യേക സർവീസ് ഏരിയ ഏതാണ്?

A:-സ്റ്റേവാർഡിങ് റൂം

B:-സ്റ്റോറിങ് റൂം

C:-ഡിഷ് വാഷ്

D:-സിൽവർ റൂം

Correct Answer:- Option-D

Question45:-താഴെ നല്കിയിരിക്കുന്നതിൽ ഏതാണ് കമ്മ്യൂണാർഡിൻറെ ചുമതലയിൽ വരുന്നത്?

A:-സ്റ്റാഫിൻറെ ഭക്ഷണം തയ്യാറാക്കൽ

B:-കിച്ചൻ വൃത്തിയാക്കുക

C:-സൂയ്സ് ഷെഫിനെ സഹായിക്കുക

D:-മറ്റൊരാളുടെ അഭാവത്തിൽ ആ ജോലി നിർവഹിക്കുക

Correct Answer:- Option-A

Question46:-സർവീസ് സമയത്തു റെസ്റ്റോറൻറിൽ നിന്ന് വരുന്ന കിച്ചൻ ഓർഡർ ടിക്കറ്റുകൾ സ്വീകരിച്ചു അത് അതതു കിച്ചണുകളിലേക്കു വായിച്ചു കേൾപ്പിക്കുകയും ഭക്ഷണം കൃത്യസമയത്ത് പിക്ക് അപ് ചെയ്യുന്നുണ്ടെന്നു ഉറപ്പാക്കുകയും ചെയ്യുന്ന വ്യക്തിയെ എന്താണ് വിളിക്കുന്നത്?

A:-പ്ലോഞ്ചെർ

B:-അബോയർ

C:-കമ്മ്യൂണാർഡ്

D:-ടൊർണാണ്ട്

Correct Answer:- Option-B

Question47:-വാണിജ്യ അടുക്കളകളിൽ പാകം ചെയ്ത ഭക്ഷണം വിളമ്പുന്നതുവരെ നിശ്ചിത ചൂടിൽ നിലനിർത്താൻ ചൂടുവെള്ളത്തിൻറെ ആവിയിൽ പ്രവർത്തിക്കുന്ന ഉപകരണം ഏത്?

A:-സലാമാണ്ടെർ

B:-കോംബി ഓവൻ

C:-ബെയിൻ മാരി

D:-ബോയ്‌ലേർ

Correct Answer:- Option-C

Question48:-
സൂപ്പുകളും സോസുകളും ഏറ്റവും നന്നായി അരിച്ചെടുക്കാൻ ഉപയോഗിക്കുന്ന കോണാകൃതിയിലുള്ള ഫിൽട്ടർ ഏതാണ്?

A:-കൊലണ്ടർ

B:-ചീനോസ്

C:-ചൈന കാപ്പ്

D:-വിസ്ക്ക്

Correct Answer:- Option-B

Question49:-അടുക്കളകളിൽ കാണപ്പെടുന്ന കൊഴുപ്പ്, എണ്ണ, ഗ്രീസ് എന്നിവ മൂലമുള്ള തീപിടുത്തങ്ങൾ അണയ്ക്കാൻ ഏത് എസ്റ്റിങ്ങ്ഗ്വിഷർ ആണ് ഉപയോഗിക്കുന്നത്?

A:-കാർബൺ ഡയോക്സൈഡ് ($CO_2$)

B:-വാട്ടർ

C:-ഡ്രൈ പൗഡർ

D:-വെറ്റ് കെമിക്കൽ

Correct Answer:- Option-D

Question50:-അടുക്കളയിലെ ജോലിക്ക് ശേഷം കൈകൾ കഴുകേണ്ട ശരിയായ രീതി ഏതാണ്?

A:-വെറും വെള്ളത്തിൽ കഴുകുക

B:-സോപ്പും ചൂടുവെള്ളവും ഉപയോഗിച്ച് കുറഞ്ഞത് 20 സെക്കൻറ് കഴുകുക

C:-തുണി ഉപയോഗിച്ച് തുടച്ചു മാറ്റുക

D:-സാനിറ്റൈസർ മാത്രം ഉപയോഗിക്കുക

Correct Answer:- Option-B

Question51:-താഴെ കൊടുത്തിരിക്കുന്നവയിൽ ലീവെനിംഗ് ഏജൻറ് ഏതാണ്?

A:-ജാതിപത്രി

B:-ഉപ്പ്

C:-മൈദ

D:-യീസ്റ്റ്

Correct Answer:- Option-D

Question52:-'ചൈനീസ് ഉപ്പ്' എന്നറിയപ്പെടുന്നത്?

A:-സോഡിയം ക്ലോറൈഡ്

B:-മോണോ സോഡിയം ഗ്ലൂട്ടാമേറ്റ്

C:-കാൽസ്യം കാർബണേറ്റ്

D:-സോഡിയം ബൈകാർബണേറ്റ്

Correct Answer:- Option-B

Question53:-താഴെ നൽകിയിരിക്കുന്നതിൽ തീക്കനിങ് ഏജൻറ് (Thickening agent) ഏതാണ്?

A:-പഞ്ചസാര

B:-ഉപ്പ്

C:-ജലാറ്റിൻ

D:-ഏലക്ക

Correct Answer:- Option-C

Question54:-ബീറ്റ്റൂട്ടിൻറെ നിറത്തിനു പ്രധാനമായും കാരണമാകുന്നത്?

A:-ബെറ്റ സിയാനിൻ

B:-ക്ലോറോഫിൽ

C:-സാന്തോഫിൽ

D:-അനാറ്റോ

Correct Answer:- Option-A

Question55:-ആട്, പശു എന്നിവയിൽ നിന്ന് ലഭിക്കുന്ന മൃഗ കൊഴുപ്പ് ഏതാണ്?

A:-സ്യൂയറ്റ്

B:-ലാർഡ്

C:-കേസിൻ

D:-മാർഗറൈൻ

Correct Answer:- Option-A

Question56:-അന്നജം ചൂടും വെള്ളവും ഉപയോഗിച്ച് വീർത്ത് കട്ടിയാകുന്ന പ്രക്രിയ ഏതാണ്?

A:-കൊയാഗുലേഷൻ

B:-ക്രിസ്റ്റലൈസേഷൻ

C:-ഡീഹൈഡ്രേഷൻ

D:-ജലാറ്റിനൈസേഷൻ

Correct Answer:- Option-D

Question57:-മുട്ടയിൽ അടങ്ങിയിരിക്കുന്ന പ്രധാന പ്രോട്ടീൻ

A:-കേസിൻ

B:-അൽബുമിൻ

C:-ഗ്ലൂട്ടൻ

D:-മയോസിൻ

Correct Answer:- Option-B

Question58:-പാലിൽ അടങ്ങിയിരിക്കുന്ന ഷുഗർ ഏതാണ്?

A:-മാൾട്ടോസ്

B:-സൂക്രോസ്

C:-ലാക്ടോസ്

D:-ഫ്രക്ടോസ്

Correct Answer:- Option-C

Question59:-പച്ചക്കറികൾ പാകം ചെയ്യുമ്പോൾ ആൽക്കലൈൻ മീഡിയം ഉപയോഗിക്കുന്നത് കൊണ്ടുള്ള ഗുണം

A:-മധുരം കൂടുന്നു

B:-ഉപ്പ് രസമുള്ളതാകുന്നു

C:-പച്ച നിറം കൂടുതൽ തോന്നുന്നു

D:-നിറം ഇല്ലാതാകും

Correct Answer:- Option-C

Question60:-ഫെർമെൻറേഷൻ സമയത്തു പ്രധാനമായും ഉല്പാദിക്കപ്പെടുന്ന വാതകം ഏതാണ്?

A:-ഓക്സിജൻ

B:-നൈട്രജൻ

C:-കാർബൺ ഡൈ ഓക്സൈഡ്

D:-ഹൈഡ്രജൻ

Correct Answer:- Option-C

Question61:-'കീമ' അർത്ഥമാക്കുന്നത് എന്ത്?

A:-കൊത്തിയരിഞ്ഞത്

B:-സ്റ്റോക്കിൽ വേവിച്ചെടുക്കുന്നത്

C:-കുറുക്കി എടുക്കുന്നത്

D:-പാൽ ചേർത്ത് വേവിക്കുന്നത്

Correct Answer:- Option-A

Question62:-ചെറിയ ചതുര കഷണങ്ങളായി മുറിക്കുന്ന വെജിറ്റബിൾസിനെ പറയുന്നത് എന്ത്?

A:-ഡൈസിങ്ങ്

B:-ചോപ്പിങ്ങ്

C:-ജൂലിയൻ

D:-പീലിംഗ്

Correct Answer:- Option-A

Question63:-വിഭവങ്ങൾക്കെല്ലാം വെവ്വേറെ വില ഈടാക്കുന്ന മെനു ഏത്?

A:-ടേബിൾ ദി ഹോട്ട് മെനു

B:-അലാ കാർട്ട് മെനു

C:-ബുഫെ മെനു

D:-ബാങ്ക്വറ്റ് മെനു

Correct Answer:- Option-B

Question64:-ഒയിഫ് (Oeuf) എന്ന് ഫ്രഞ്ച് ഭാഷയിൽ അറിയപ്പെടുന്ന ഭക്ഷ്യവസ്തു ഏത്?

A:-വെണ്ണ

B:-കൂൺ

C:-മത്സ്യം

D:-മുട്ട

Correct Answer:- Option-D

Question65:-'പാർമേസൺ' എന്ന് അറിയപ്പെടുന്നത് എന്ത്?

A:-സൂപ്പ്

B:-ചീസ്

C:-ഐസ്ക്രീം

D:-സോസ്

Correct Answer:- Option-B

Question66:-ഷെൽ ഫിഷ് കൊണ്ട് ഉണ്ടാക്കിയ സൂപ്പ് ഏത്?

A:-ബോർഷ്

B:-ബിസ്ക്ക്

C:-ബ്രോത്ത്

D:-പ്യൂരെ

Correct Answer:- Option-B

Question67:-പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ക്ലേ ഓവൻ എന്ന് അറിയപ്പെടുന്നത് ഏത്?

A:-മൈക്രോ വേവ് ഓവൻ

B:-തന്തൂർ ഓവൻ

C:-സലമാണ്ടർ

D:-ഇലക്ട്രിക്കൽ ഓവൻ

Correct Answer:- Option-B

Question68:-സ്റ്റ്യൂയിങ്ങും റോസ്റ്റിംഗും സംയോജിതമായി ഉപയോഗപ്പെടുത്തുന്ന പാചകരീതി ഏത്?

A:-ഗ്രില്ലിംഗ്

B:-ബ്രോസ്റ്റിംഗ്

C:-ബ്രേസിംഗ്

D:-സോട്ടേയിംഗ്

Correct Answer:- Option-C

Question69:-ആടിൻറെ മാംസം ഉപയോഗിച്ച് പാചകം ചെയ്യുന്ന വിഭവം ഏത്?

A:-ജിങ്കാ മസാല

B:-മുർഗ്ഗ് മുസ്സല്ലം

C:-ആലുമട്ടർ

D:-രോഗൻ ജോഷ്

Correct Answer:- Option-D

Question70:-ഇന്ത്യയിലെ ഏത് സംസ്ഥാനത്തെ പ്രധാനപ്പെട്ട വിഭവമാണ് 'വിന്താലു'?

A:-ഗോവ

B:-കർണ്ണാടക

C:-ബീഹാർ

D:-ഉത്തർപ്രദേശ്

Correct Answer:- Option-A

Question71:-തീജ്വാലയുടെ നേരിട്ടുള്ള സമ്പർക്കം മൂലം മാംസം പാചകം ചെയ്യുന്ന രീതി

A:-സ്റ്റീമിംഗ്

B:-സ്റ്റ്യൂയിംഗ്

C:-ഗ്രില്ലിംഗ്

D:-ബേക്കിംഗ്

Correct Answer:- Option-C

Question72:-പാചകം ചെയ്യേണ്ട ആഹാരപദാർത്ഥം മുഴുവനായി ചൂട് എണ്ണയിൽ മുങ്ങികിടന്ന് പാകം ആകുന്നത് ഏത് പാചകരീതി ആണ്?

A:-ഷാലോ ഫ്രൈയിംഗ്

B:-ഡീപ്പ് ഫ്രൈയിംഗ്

C:-സ്റ്റീർ ഫ്രൈയിംഗ്

D:-റോസ്റ്റിംഗ്

Correct Answer:- Option-B

Question73:-റോസ്റ്റിംഗ്, സ്റ്റ്യൂയിംഗ് എന്നീ പാചകരീതികളുടെ ഒരു സമ്മിശ്ര പാചകരീതിയാണ്

A:-ബ്രെയ്സിംഗ്

B:-റോസ്റ്റിംഗ്

C:-ബേക്കിംഗ്

D:-ഫ്രൈയിംഗ്

Correct Answer:- Option-A

Question74:-ഗ്രിൽ ചെയ്യുമ്പോൾ ആഹാരപദാർത്ഥത്തിൻറെ പാകം ആകുന്ന സമയം നിശ്ചയിക്കുന്നത്, ചൂടിൻറെ കാഠിന്യവും, മാംസത്തിൻറെ __________ ഉം ആണ്.

A:-കളർ

B:-മസാല

C:-ഘനം

D:-ഇവ ഒന്നുമല്ല

Correct Answer:- Option-C

Question75:-സോളാർ കുക്കറിൽ ചൂട് കിട്ടാനായി ഉപയോഗിക്കുന്നത് എന്താണ്?

A:-ഗ്യാസ്

B:-സൂര്യപ്രകാശം

C:-ഇലക്ട്രിസിറ്റി

D:-ഇവ ഒന്നുമല്ല

Correct Answer:- Option-B

Question76:-ബിസ്കറ്റ് നിർമ്മാണത്തിൽ ഉപയോഗിക്കുന്ന പാചകരീതി

A:-ഫ്രൈയിംഗ്

B:-ബോയിലിംഗ്

C:-ബേക്കിംഗ്

D:-സ്റ്റീമിംഗ്

Correct Answer:- Option-C

Question77:-ബാർബിക്യൂ ഏത് പാചകരീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

A:-സ്റ്റീമിംഗ്

B:-റോസ്റ്റിംഗ്

C:-ബോയിലിംഗ്

D:-ഗ്രില്ലിംഗ്

Correct Answer:- Option-D

Question78:-ഫ്രൈ ചെയ്യുന്നതിനു മുൻപ് മീൻ, ഇറച്ചി, പച്ചക്കറി എന്നിവയിൽ തേയ്ക്കുന്ന/മുക്കുന്ന മാവിൻറെ മിശ്രിതത്തെ എന്ത് പറയുന്നു?

A:-ബാറ്റർ

B:-മസാല

C:-എണ്ണ

D:-വെള്ളം

Correct Answer:- Option-A

Question79:-പോച്ചിംഗ് എന്ന പാചകരീതിയിൽ ഉപയോഗിക്കുന്ന പദാർത്ഥം

A:-എണ്ണ

B:-ഓവൻ

C:-വെള്ളം

D:-ഇവ ഒന്നുമല്ല

Correct Answer:- Option-C

Question80:-മൈക്രോവേവ് ഓവനിൽ ചൂടാക്കുമ്പോൾ ഭക്ഷണത്തിലെ ഏത് തന്മാത്രകളാണ് പ്രധാനമായി ചലിക്കുന്നത്?

A:-ജലതന്മാത്രകൾ

B:-മൈക്രോവേവ്സ്

C:-പ്രോട്ടീൻ തന്മാത്രകൾ

D:-കൊഴുപ്പ് തന്മാത്രകൾ

Correct Answer:- Option-A

Question81:-ബ്രൗൺ സ്റ്റോക്കിൻറെ ഫ്രഞ്ച് പദം താഴെ പറയുന്നവയിൽ ഏതാണ്?

A:-എസ്പഗ്നോൾ

B:-എസ്റ്റുഫേഡ്

C:-എസ്കലോപ്

D:-എമൽഷൻ

Correct Answer:- Option-B

Question82:-മയോണൈസ് സോസിൻറെ ഉപസോസിന് (Derivative) ഉദാഹരണം ഏതാണ്?

A:-മോർണെ

B:-ബേർസി

C:-കോക്ടെയിൽ

D:-ബാർബെക്യൂ

Correct Answer:- Option-C

Question83:-സ്പാനിഷ് സൂപ്പായ 'ഗാസ്പാച്ചോ' തയ്യാറാക്കുന്നതിനായി ഉപയോഗിക്കുന്ന പ്രധാന ചേരുവ ഏതാണ്?

A:-തക്കാളി

B:-ഞണ്ട്

C:-ചീര

D:-കൂൺ

Correct Answer:- Option-A

Question84:-കൺസോമെ ശുദ്ധീകരിക്കുമ്പോൾ (Clarify) മുകളിൽ രൂപപ്പെടുന്ന റാഫ്റ്റ് പ്രധാനമായും എന്തിനാണ് സഹായിക്കുന്നത്?

A:-സൂപ്പിലെ മാലിന്യങ്ങൾ ആഗിരണം ചെയ്ത് തെളിഞ്ഞതാക്കാൻ

B:-സൂപ്പിന് നിറം നൽകാൻ

C:-സൂപ്പ് ചൂടായി നിലനിർത്താൻ

D:-സൂപ്പിന് രുചി നൽകാൻ

Correct Answer:- Option-A

Question85:-അംബാസഡർ സൂപ്പിന് നേരിയ പുളിരസം  നൽകാൻ ഉപയോഗിക്കുന്ന ഇലവർഗ്ഗം ഏതാണ്?

A:-പാർസ്ലി

B:-പുതിന

C:-സോറൽ

D:-മല്ലിയില

Correct Answer:- Option-C

Question86:-ഡിപ്ലോമേറ്റ് സോസ് ഏത് മദർസോസിൽ നിന്നാണ് തയ്യാറാക്കുന്നത്?

A:-മയോണൈസ്

B:-ടൊമാറ്റോ

C:-വെലൂതെ

D:-ഹോളണ്ടൈസ്

Correct Answer:- Option-C

Question87:-'ബൊക്കെ ഗാർണി'യിൽ ഉപയോഗിക്കുന്ന പ്രധാന ചേരുവകൾ ഏതെല്ലാമാണ്?

A:-പാഴ്സ്ലി, തൈം, റോസ്മേരി

B:-തൈം, ബേലീഫ്, സോറൽ

C:-പാഴ്സ്ലി, ബേലീഫ്, തൈം

D:-പാഴ്സ്ലി, ബേലീഫ്, ഒറിഗാനോ

Correct Answer:- Option-C

Question88:-ഇറ്റലിയുടെ പ്രശസ്തമായ ദേശീയ സൂപ്പ് ഏതാണ്?

A:-മിനെസ്ട്രോണി

B:-കൺസോമെ

C:-ക്രിയോൾ

D:-ബ്രോത്ത്

Correct Answer:- Option-A

Question89:-സ്റ്റോക്കിന് ഫ്ലേവർ നൽകാൻ ഉപയോഗിക്കുന്ന സവാള, കാരറ്റ്, സെലറി എന്നിവയുടെ മിശ്രിതത്തെ പറയുന്ന പേര് എന്താണ്?

A:-റൂ (Roux)

B:-മീർപ്വാ

C:-ബൊക്കെ ഗാർണി

D:-ഫ്ലൂറോൺസ്

Correct Answer:- Option-B

Question90:-ഹോളണ്ടൈസ് സോസ് പിരിഞ്ഞു പോകുകയോ (curdle) കട്ടിയാവുകയോ ചെയ്താൽ ആദ്യം എന്താണ് ചേർക്കേണ്ടത്?

A:-തണുത്ത വെള്ളം

B:-ക്രീം

C:-ചൂടുവെള്ളം

D:-ബട്ടർ

Correct Answer:- Option-C

Question91:-സാകുസ്കി (Zakuski) എന്നറിയപ്പെടുന്ന പ്രശസ്തമായ സ്റ്റാർട്ടർ ഏത് രാജ്യത്തെ ഭക്ഷണ രീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

A:-റഷ്യ

B:-ചൈന

C:-മെക്സിക്കോ

D:-ഇറ്റലി

Correct Answer:- Option-A

Question92:-ടൊമാറ്റോ ജ്യൂസിനോടൊപ്പം സാധാരണയായി അക്കമ്പനിമെൻറായി നൽകുന്ന സോസ് ഏതാണ്?

A:-സോയാസോസ്

B:-ബാർബിക്യൂ സോസ്

C:-വോർസെസ്റ്റർഷയർ സോസ്

D:-ടൊമാറ്റോ കെച്ചപ്പ്

Correct Answer:- Option-C

Question93:-പെട്ടെന്ന് പൊടിഞ്ഞുപോകാതെ കൂടുതൽ ഭംഗിയായും കൃത്യമായും കഷ്ണങ്ങളാക്കി മുറിച്ചെടുക്കാൻ സാൻവിച്ച് നിർമ്മാണത്തിൽ സാധാരണയായി ഏതുതരം ബ്രെഡ് ആണ് ഉപയോഗിക്കുന്നത്?

A:-ചൂടോടെയുള്ള പുതിയ ബ്രെഡ്

B:-രണ്ട് ദിവസം പഴക്കമുള്ള ബ്രെഡ്

C:-നന്നായി ഉണങ്ങി പഴകിയ ബ്രെഡ്

D:-ഒരു ദിവസം പഴക്കമുള്ള ബ്രെഡ്

Correct Answer:- Option-D

Question94:-ഒരു സലാഡിൻറെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഏതാണ്?

A:-ബോഡി

B:-ഡ്രസ്സിംഗ്

C:-അണ്ടർ ലൈനർ

D:-ഗാർണിഷ്

Correct Answer:- Option-A

Question95:-ഒരു ക്ലാസിക് മെനു ക്രമത്തിൽ ഓർദെവ്ര്? (Horsd'oeuvre) സാലഡ് (Salad) എന്നീ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിഥിക്ക് ആദ്യം വിളമ്പേണ്ട വിഭവം ഏതാണ്?

A:-സാലഡ്

B:-ഓ്ാർദെവ്ർ ഉം സാലഡും ഒരേസമയം

C:-ഓ്ാർദെവ്ർ

D:-മെയിൻ കോഴ്സിനൊപ്പം മാത്രം

Correct Answer:- Option-C

Question96:-കേരളത്തിലെ മലബാർ മേഖലയിലെ തനത് പലഹാരമായ ഉന്നക്കായ തയ്യാറാക്കാൻ ഉപയോഗിക്കുന്ന അടിസ്ഥാന ഇൻഗ്രീഡിയൻറ് ഏതാണ്?

A:-മൈദ മാവ്

B:-കപ്പ

C:-അരിപ്പൊടി

D:-ഏത്തപ്പഴം

Correct Answer:- Option-D

Question97:-ഇന്ത്യയിൽ സംസ്കരിച്ച ഫ്രൂട്ട് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിലവിൽ വന്ന ഫ്രൂട്ട് പ്രൊഡക്ട്സ് ഓർഡർ (FPO) നിയമം ഏത് വർഷമാണ് പ്രാബല്യത്തിൽ വന്നത്?

A:-1948

B:-1950

C:-1955

D:-1960

Correct Answer:- Option-C

Question98:-കാറ്ററിംഗ് സ്ഥാപനങ്ങളിൽ HACCP നടപ്പിലാക്കുന്നതിൻറെ പ്രധാന ലക്ഷ്യം എന്താണ്?

A:-ഭക്ഷ്യസുരക്ഷ അപകടസാധ്യതകൾ മുൻകൂട്ടി കണ്ട് അവ നിയന്ത്രിക്കാൻ

B:-ഭക്ഷണത്തിൻറെ വില വർദ്ധിപ്പിക്കാൻ

C:-പാചകക്കാരുടെ ശമ്പളം നിശ്ചയിക്കാൻ

D:-ഹോട്ടലിൻറെ പരസ്യങ്ങൾക്കും മാർക്കറ്റിംഗിനും വേണ്ടി മാത്രം

Correct Answer:- Option-A

Question99:-ഇന്ത്യയിൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് എജിമാർക്ക് (AGMARK) സർട്ടിഫിക്കേഷൻ ഏത് വർഷത്തെ നിയമപ്രകാരമാണ് നൽകുന്നത്?

A:-1947-ലെ നിയമപ്രകാരം

B:-1937-ലെ നിയമപ്രകാരം

C:-1955-ലെ നിയമപ്രകാരം

D:-1967-ലെ നിയമപ്രകാരം

Correct Answer:- Option-B

Question100:-FSSAI എന്നതിൻറെ പൂർണ്ണരൂപം താഴെ പറയുന്നവയിൽ ഏതാണ്?

A:-ഫുഡ് സപ്ലൈ ആൻഡ് സർവ്വീസ് അതോറിറ്റി ഓഫ് ഇന്ത്യ

B:-ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ

C:-ഫെഡറേഷൻ ഓഫ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ഇൻഡസ്ട്രീസ്

D:-ഫുഡ് സയൻസ് ആൻഡ് സെക്യൂരിറ്റി അസോസിയേഷൻ ഓഫ് ഇന്ത്യ

Correct Answer:- Option-B